**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2834** **12-07-2022 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി ഇറിഗേഷൻ കനാലുകളുടെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിന്റെ ഭാഗമായ കനാലുകൾ പുനരുദ്ധാരണം നടത്തുന്നതിന് എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ; | (എ) | കുറ്റ്യാടി ജലസേചന പദ്ധതിയുടെ കനാലുകളും കനാൽ അനുബന്ധ സ്ട്രക്ചറുകളും പുനർനിർമ്മിക്കുന്നതിനും/ ബലപ്പെടുത്തുന്നതിനുമായി 180 കോടി രൂപയുടെ പ്രൊപ്പോസൽ, പദ്ധതി വിഭാഗം 1, ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചിരുന്നു. 22/02/2022ൽ ജലവിഭവ വകുപ്പ സെക്രട്ടറിയുടെ അദ്ധ്യക്ഷയിൽ ചേർന്ന യോഗം ടി പ്രൊപ്പോസൽ പരിശോധിക്കുകയും, കുറ്റ്യാടി ജലസേചന പദ്ധതിയ്ക്ക് ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികളിൽ വളരെയധികം പ്രാധാന്യമുളളവയെന്നും, പ്രാധാന്യം കുറഞ്ഞവയെന്നും തരംതിരിച്ച് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കി സമർപ്പിക്കുവാൻ പദ്ധതി വിഭാഗം-1, ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. ആയത് പ്രകാരം ചീഫ് എഞ്ചിനീയർ സമർപ്പിച്ച 2022-23 വർഷത്തിൽ പൂർത്തീകരിക്കേണ്ട അടിയന്തിര പ്രാധാന്യമുള്ള പ്രവൃത്തികളുടെ 40 കോടി രൂപ ചെലവ് വരുന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്. ആയതിന് അംഗീകാരം നല്കി പ്രവൃത്തി അടിയന്തിരമായി ആരംഭിക്കുവാൻ സാധിക്കുന്നതാണ്. കൂടാതെ മുൻഗണനാടിസ്ഥാനത്തിൽ അഞ്ചു വർഷക്കാലം കൊണ്ട് ചെയ്തുതീർക്കേണ്ട പ്രവൃത്തികൾക്കായി 180 കോടി രൂപ ചെലവ് കണക്കാക്കിയിട്ടുള്ള പ്രൊപ്പോസൽ കേരള സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ പരിഗണനയിലുണ്ട്. |
| (ബി) | പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; കനാലുകളുടെ ഏതൊക്കെ ഭാഗങ്ങളിലാണ് പ്രവൃത്തികൾ നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | ഭൂരിഭാഗം പ്രവൃത്തികളും സമയബന്ധിതമായി തന്നെ നടപ്പിലാക്കാറുണ്ട്. ഒരു വർഷത്തിൽ നവംബർ മുതൽ ഫെബ്രുവരി വരെയുള്ള ചെറിയ കാലയളവിൽ മാത്രമേ പ്രവൃത്തികൾ നടപ്പിലാക്കാൻ സാധ്യമാകാറുള്ളൂ. വടകര, കൊയിലാണ്ടി, കോഴിക്കോട് താലൂക്കുകളിൽ ഉൾപ്പെടുന്ന കുറ്റ്യാടി പ്രൊജക്ടിന്റെ മെയിൻ കനാൽ, |

| | | | |
|---|---|---|---|
| | | | ബ്രാഞ്ച് കനാൽ, ഡിസ്ട്രിബ്യൂട്ടറി കനാൽ എന്നിവിടങ്ങളിലൊക്കെ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നുണ്ട്. |
| (സി) | യഥാസമയം കനാൽ പുനഃരുദ്ധാരണം നടത്താൻ സാധിക്കാത്തതിനെ തുടർന്ന് ഇക്കഴിഞ്ഞ വേനൽ കാലത്ത് കുടിവെള്ളക്ഷാമവും കൃഷിനാശവും ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ